7383
25/6/20

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - വ്യക്തികൾ/വിദ്യാഭ്യാസ സ്ഥാപനങ്ങൾ/സർക്കാരിതര സ്ഥാപനങ്ങൾ/മാധ്യമ സ്ഥാപനങ്ങൾ/ മത സ്ഥാപനങ്ങൾ/ മറ്റ് സ്ഥാപനങ്ങൾ മുതലായവയ്ക്ക് വിതരണം ചെയ്യുന്ന തൈകളുടെ നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.135/2020/വനം തീയതി,തിരുവനന്തപുരം, 09/06/2020

---

പരാമർശം:- 1 സ.ഉ (സാധാ) നം.159/2017/വനം. തീയതി 22/04/2017

2 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) -ന്റെ 22.03.2020 തീയതിയിലെ എസ്.എ2/1078/20 നമ്പർ കത്ത്.

3 ബഹു.വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.5.2020 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

4 സ.ഉ (സാധാ) നം.121/2020/വനം തീയതി 27.05.2020

<u>ഉത്തരവ്</u>

സംസ്ഥാന വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2009 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, മാധ്യമ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ ആഗോളതാപനം നേരിടുന്നതിന് ഏക പ്രതിവിധി വനവൽക്കരണം എന്ന മുദ്രാവാക്യമുയർത്തി നിർദ്ദിഷ്ട വനമേഖലയ്ക്ക് പുറത്ത് മറ്റൊരു ഹരിതമേലാപ്പ് സൃഷ്ടിച്ചെടുക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഹരിതകേരളം പദ്ധതി.

ഹരിതകേരളം പദ്ധതിക്കാവശ്യമായ തൈകൾ സാമൂഹ്യ വനവത്ക്കരണ വിഭാഗത്തിന്റെ നഴ്സറികളിൽ വളർത്തിയെടുത്ത്, പരിസ്ഥിതിദിനത്തോടനുബന്ധിച്ച് സൗജന്യമായും മറ്റവസരങ്ങളിൽ സഹായ നിരക്കിലും നൽകിവരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഈ വർഷം പരിസ്ഥിതിദിനം മുതൽ വനമഹോത്സവം വരെ വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. തൈകളുടെ ഉൽപ്പാദനചെലവ് വർദ്ധിച്ചിട്ടുള്ളതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരം നിശ്ചയിട്ടുള്ള നിരക്ക് പുതുക്കി നിശ്ചയിക്കണമെന്ന് പരാമർശം (2) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗം നഴ്സറികളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾക്ക് ചുവടെ ചേർത്തിട്ടുള്ള പ്രകാരം വില പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഇനം | എണ്ണം | വില |
|---|---|---|
| തേക്ക് സ്റ്റമ്പ് | 1 | ₹ 11 |
| ചെറിയ കുടത്തിൽ | 1 | ₹ 24 |
| വലിയ കുടത്തിൽ | 1 | ₹ 60 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ് , തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്റ്റി ), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് )/(എ & ഇ ),
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ( വെബ്&ന്യൂ മീഡിയ ഡിവിഷൻ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by ANJALYDEVI A C
Date: 2020.03.06 [illegible] IST
Reason: Approved
സെക്ഷൻ ഓഫീസർ